09:00-09:10

## അനുബന്ധം-I

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 241-ന്റെ ഉത്തരം

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷിക്കുന്ന രീതി

ഒന്നിൽ കൂടുതൽ ജില്ലകളിൽ അപേക്ഷ സമർപ്പിച്ചവർക്ക് അപേക്ഷിച്ച ജില്ലകളിലെല്ലാം ഒരേ സമയം അലോട്ട്മെന്റ് ലഭിച്ചാൽ അവർ ഏതെങ്കിലും ഒരു ജില്ലയിൽ മാത്രം പ്രവേശനം നേടേണ്ടതും അതോടെ മറ്റ് ജില്ലകളിലെ ഓപ്ഷനുകൾ തനിയെ റദ്ദാകുന്നതുമാണ്. പ്രവേശനം നേടിയ ജില്ലയിൽ ആവശ്യമെങ്കിൽ താൽകാലിക അഡ്മിഷനിൽ തുടർന്നുകൊണ്ട് അതേ ജില്ലയിലെ മെച്ചപ്പെട്ട ഓപ്ഷനുകൾക്കുവേണ്ടി കാത്തിരിക്കാം. എന്നാൽ ആദ്യം ഒരു ജില്ലയിൽ മാത്രം അലോട്ട്മെന്റ് ലഭിക്കുകയും, അതനുസരിച്ച് പ്രവേശനം നേടിയശേഷം തുടർന്നുള്ള അലോട്ട്മെന്റിൽ മറ്റൊരു ജില്ലയിൽ പുതുതായി അലോട്ട്മെന്റ് ലഭിച്ചാൽ പുതിയ അലോട്ട്മെന്റ് സ്വീകരിക്കാവുന്നതാണ്. തുടർന്ന് പുതുതായി പ്രവേശനം നേടിയ ജില്ലയിലെ ഉയർന്ന ഓപ്ഷനുകളിലേയ്ക്ക് മാത്രമേ ഈ വിദ്യാർത്ഥിക്ക് മാറാൻ കഴിയൂ. ആദ്യ ജില്ലയിലെ ഓപ്ഷനുകൾ തനിയെ റദ്ദാകും.

<u>ബോണസ് പോയിന്റിന് അർഹതയുള്ള വിഭാഗങ്ങൾ</u>

| വിഭാഗം | ബോണസ് പോയിന്റ് |
|---|---|
| കൃത്യനിർവ്വഹണത്തിനിടയിൽ മരണമടഞ്ഞ ജവാന്മാരുടെ മക്കൾക്ക് (നിയമപരമായി അവർ ദത്തെടുത്ത മക്കൾക്കും ഈ ആനുകൂല്യത്തിന് അർഹതയുണ്ട്.) | 5 |
| ജവാന്മാരുടെയും എക്സ്-സർവ്വീസുകാരുടെയും (ആർമി/നേവി/എയർഫോഴ്സ് മുതലായവ മാത്രം) മക്കൾക്ക്/നിയമപരമായി അവർ ദത്തെടുത്ത മക്കൾക്ക് | 3 |
| എൻ.സി.സി. (75 ശതമാനത്തിൽ കുറയാത്ത ഹാജർ കേഡറ്റിനുണ്ടെന്ന സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്കൗട്ട് ഗൈഡ് (രാഷ്ട്രപതി പുരസ്കാർ/രാജ്യ പുരസ്കാർ നേടിയവർക്ക് മാത്രം)/നീന്തൽ അറിവ് (അപേക്ഷകൻ ജില്ലാ സ്പോർട്സ് കൗൺസിലിന്റെ സർട്ടിഫിക്കറ്റ് ഹാജരാക്കിയിരിക്കണം)/സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾ (GO(No)214/2012/Home dated 04.08.20121 വിവക്ഷിച്ച മാതിരി | 2 |
| A ഗ്രേഡ് സർട്ടിഫിക്കറ്റുള്ള ലിറ്റിൽ കൈറ്റ്സ് അംഗം | 1 |
| അതേ സ്കൂളിലെ വിദ്യാർത്ഥി | 2 |
| അതേ ഗ്രാമപഞ്ചായത്ത്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ | 2 |
| അതേ താലൂക്ക് | 1 |
| ഗവ./എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളില്ലാത്ത ഗ്രാമപഞ്ചായത്തിലെ വിദ്യാർത്ഥികൾക്ക് അതേ താലൂക്കിലെ മറ്റ് സ്കൂളുകളിൽ നൽകുന്ന ഗ്രേഡ് പോയിന്റ് | 2 |
| കേരള സംസ്ഥാന ബോർഡ് നടത്തുന്ന പൊതു പരീക്ഷയിൽ എസ്.എസ്.എൽ.സി. (കേരള | 3 |

| | |
|---|---|
| സിലബസ്) യോഗ്യത നേടുന്നവർ | |

**കുറിപ്പ്:** മേൽ പരാമർശിച്ച രീതിയിൽ ബോണസ് പോയിന്റിന് അർഹതയുണ്ടെങ്കിലും കണക്കാക്കുമ്പോൾ ഒരു അപേക്ഷകന് നൽകുന്ന ബോണസ് പോയിന്റ് പരമാവധി 10 ആയി നിജപ്പെടുത്തുന്നതാണ്. അതായത് വിവിധ ഇനങ്ങളിലൂടെ ഒരു അപേക്ഷകൻ പത്തോ അതിലധികമോ ബോണസ് പോയിന്റ് അവകാശപ്പെട്ടിട്ടുണ്ടെങ്കിലും ആയത് 10 ആയി നിജപ്പെടുത്തുന്നതാണ്.

മൈനസ് പോയിന്റ്

ആദ്യ തവണതന്നെ യോഗ്യതാ പരീക്ഷ പാസ്സാകാത്ത അപേക്ഷകരുടെ ആകെ ഗ്രേഡ് പോയിന്റിൽനിന്നും ചാൻസൊന്നിന് ഒരു പോയിന്റ് എന്ന തരത്തിൽ കുറവ് ചെയ്യും. എന്നാൽ ആദ്യമായി എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയ വർഷംതന്നെ സേ പരീക്ഷയെഴുതി വിജയിച്ച് അപേക്ഷ നൽകുന്ന വിദ്യാർത്ഥികൾക്ക് മൈനസ് പോയിന്റ് ബാധകമല്ല.

# അനുബന്ധം-II

<u>കിഫ്ബി പദ്ധതികളിൽ പൂർത്തിയായ സ്വിമ്മിംഗ് പൂളുകൾ</u>

1) ചിറ്റൂർ ഗവ. കോളേജ് സ്പോർട്സ് കോംപ്ലക്സ്

2) നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം

3) പളറി സ്കൂൾ

<u>കിഫ്ബി പദ്ധതികളിൽ നിർമ്മാണം പുരോഗമിക്കുന്ന സ്വിമ്മിംഗ് പൂളുകൾ</u>

1) മാനവേദൻ ജി.എച്ച്.എസ്.എസ്. നിലമ്പൂർ മിനി സ്റ്റേഡിയം കോംപ്ലക്സ്, മലപ്പുറം

2) തിരുവനന്തപുരം തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയം, ഇടവ, വർക്കല

3) ആലപ്പുഴ ഉദയകുമാർ ഇൻഡോർ സ്റ്റേഡിയം

4) തൃശ്ശൂർ ഐ. എം. വിജയൻ ഇൻഡോർ സ്റ്റേഡിയം

5) വയനാട് സി. കെ. ഓംകാരനാഥൻ ഇൻഡോർ സ്റ്റേഡിയം

6) കാസർഡോഗ് തൃക്കരിപ്പൂർ എം. ആർ. സി. കൃഷ്ണൻ ഇൻഡോർ സ്റ്റേഡിയം

7) താനൂർ സ്റ്റേഡിയം

8) പയ്യന്നൂർ മുനിസിപ്പൽ സ്റ്റേഡിയം

9) കണ്ണൂർ ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം

10) പൊന്നാനി നിള തീരം അക്വാട്ടിക് സ്പോർട്സ് കോംപ്ലക്സ്